# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 7032

13.07.2012 ൽ മറുപടിയ്ക്ക്

## പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പാക്കിവരുന്ന പദ്ധതികൾ

**ചോദ്യം**

ശ്രീ.വി.ശശി

**ഉത്തരം**

ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(എ) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ; മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനായി; കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ (KSBCDC യുടെ)- സ്വന്തം ഫണ്ട് ഉപയോഗിച്ചും ദേശീയ ഏജൻസികളായ നാഷണൽ ബാക്ക്‌വേർഡ് ക്ലാസ്സസ് ഫിനാൻസ് & ഡെവലപ്മെന്റ് കോർപ്പറേഷൻ( NBCFDC)നാഷണൽ മൈനോറിറ്റീസ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ(NMDFC ) എന്നിവയുടെ സഹായത്തോടെയും താഴെപ്പറയുന്ന വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. സ്വയം തൊഴിൽ വായ്പ
2. ന്യൂ സ്വർണ്ണിമ വായ്പ
3. സാക്ഷം സ്വയംതൊഴിൽ വായ്പാ പദ്ധതി
4. വിദ്യാഭ്യാസ വായ്പ
5. ശിൽപ് സമ്പദ വായ്പ
6. ലഘു വായ്പ
7. മഹിളാ സമൃദ്ധി യോജന
8. കൃഷി സമ്പദ വായ്പ
9. വിദേശത്ത് ജോലി നേടി പോകുന്നവർക്കുള്ള വായ്പ
10. പെൺകുട്ടികളുടെ വിവാഹ വായ്പ
11. വിദ്യാർത്ഥികൾക്കുള്ള കംപ്യൂട്ടർ വായ്പ
12. ഉദ്യോഗസ്ഥർക്കുള്ള വാഹന വായ്പ
13. ഉദ്യോഗസ്ഥർക്കുള്ള കൺസ്യൂമർ ഡ്യൂറബിൾ വായ്പ
14. സ്വസ്ഥഗൃഹ വായ്പ
15. പ്രവർത്തന മൂലധന വായ്പ
16. ഭവനശ്രീ വായ്പ
17. വിദ്യാശ്രീ വായ്പ
18. സുവർണ്ണശ്രീ വായ്പ
19. ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ

വായ്പാ പദ്ധതികൾക്കു പുറമേ യുവതീ യുവാക്കൾക്ക് സൗജന്യ തൊഴിലധിഷ്ഠിത പരിശീലനം, സ്വയം - സഹായ സംഘങ്ങൾക്ക് ഏകദിന പരിശീലനം എന്നിവയും നടപ്പാക്കിവരുന്നു.

| | |
|---|---|
| (ബി) ഏതെല്ലാം തലങ്ങളിലെ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് കോർപ്പറേഷൻ വായ്പ നൽകുന്നത് ; വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്ത് ; വിശദാംശം നൽകുമോ ? | (ബി) വിദ്യാർത്ഥികൾക്ക് കോർപ്പറേഷൻ അനുവദിക്കുന്ന വായ്പകൾ ; അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

7032

അനുബന്ധം -

i) <u>മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസ വായ്പ പദ്ധതി (NBCFDC ഫണ്ട് മുഖേന)</u>

അംഗീകൃത പ്രൊഫഷണൽ/ടെക്നിക്കൽ ബിരുദ ബിരുദാനന്തര കോഴ്സിന് പ്രവേശനം ലഭിച്ചവർക്ക് സാമ്പത്തിക ധനസഹായം നൽകുന്ന വായ്പാ പദ്ധതിയാണിത്.

പരമാവധി തുക - 3 ലക്ഷം രൂപ, (പ്രതിവർഷം 75,000 രൂപ നിരക്കിൽ)
പലിശ നിരക്ക് - ആൺകുട്ടികൾക്ക് 4%, പെൺകുട്ടികൾക്ക് 3.5%
തിരിച്ചടവ് കാലാവധി - 60 മാസം
പ്രായ പരിധി - 16-നും 32-നും ഇടയ്ക്ക്
വാർഷിക വരുമാന പരിധി □ ഗ്രാമങ്ങളിൽ 40000, നഗരങ്ങളിൽ 55000

ii) <u>മതന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസ വായ്പാ പദ്ധതി (NMDFC ഫണ്ട് മുഖേന)</u>

അംഗീകൃത ടെക്നിക്കൽ/പ്രൊഫഷണൽ ഡിപ്ലോമ/ഡിഗ്രി കോഴ്സിന് പ്രവേശനം ലഭിച്ചവർക്ക് സാമ്പത്തിക ധനസഹായ നൽകുന്ന വായ്പാ പദ്ധതിയാണിത്.

പരമാവധി തുക - 2.5 ലക്ഷം രൂപ (പ്രതിവർഷം 50,000 രൂപ നിരക്കിൽ)
പലിശ നിരക്ക് - 3%
തിരിച്ചടവ് കാലാവധി - 60 മാസം
പ്രായ പരിധി - 16-നും 32-നും ഇടയ്ക്ക്
വാർഷിക കുടുംബ വരുമാനം- ഗ്രാമങ്ങളിൽ 40000, നഗരങ്ങളിൽ 55000

iii) <u>വിദ്യാശ്രീ വായ്പ</u>

ദേശീയ ഏജൻസികളുടെ മാനദണ്ഡങ്ങളിൽപ്പെടാത്തതും തൊഴിൽ സാധ്യതയുള്ള കോഴ്സുകൾക്ക് പഠിക്കുന്നതുമായ വിദ്യാർത്ഥികൾക്ക് കെ.എസ്.ബി.സി.ഡി.സി.-യുടെ സ്വന്തം ഫണ്ടുപയോഗിച്ച് മറ്റ് പിന്നോക്ക, മത ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസ വായ്പാ പദ്ധതിയാണിത്.

പരമാവധി തുക - 1.50 ലക്ഷം രൂപ
പലിശ നിരക്ക് - 6%
തിരിച്ചടവ് കാലാവധി - 60 മാസം
പ്രായ പരിധി - 16-നും 32-നും ഇടയ്ക്ക്
വാർഷിക വരുമാന പരിധി □ 1 ലക്ഷത്തിൽ താഴെ